പതിനാലാം കേരളനിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 3387 10 .12.2018 -ൽ മറുപടിയ്ക്ക്

ഹൗസിംഗ് ബോർഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.വിജയദാസ് : | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി) |
| (എ) ഈ സർക്കാർ കാലയളവിൽ ഹൗസിംഗ് ബോർഡ് മുഖേന എത്ര ഭവനനിർമ്മാണ പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളത്; ജില്ല തിരിച്ചുള്ള വിശദവിവരം നൽകാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭവന നിർമ്മാണ ബോർഡ് സംസ്ഥാന സർക്കാരിന്റെ 2017-18 വർഷത്തെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതിയിലൂടെ കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് 12 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ നിലവിൽ വന്ന ശേഷം ഭവന വായ്പാ പദ്ധതികൾ ഒന്നും തന്നെ ബോർഡിനെ ഏൽപ്പിച്ചിട്ടില്ല. എന്നാൽ കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ ആവിഷ്കരിച്ച ഗൃഹശ്രീ പദ്ധതിയിൽ ഈ സർക്കാർ നിലവിൽ വന്നശേഷം 2016-17-ൽ 28.88 കോടിയും 2017-18-ൽ 7.27 കോടി രൂപയും സർക്കാർ സബ്സിഡി യായി ലഭിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ യായി 876 ഗുണഭോക്താക്കൾക്ക് ഗൃഹശ്രീ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയിട്ടുണ്ട്. ഇതിൽ 711 പേർ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. 165 പേരുടെ ഭവന നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

ഗൃഹശ്രീ ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ്

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | ഭവനം പൂർത്തിയാക്കിയവരുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 171 | 166 |
| കൊല്ലം | 35 | 33 |
| ആലപ്പുഴ | 73 | 54 |
| പത്തനംതിട്ട | 12 | 11 |
| കോട്ടയം | 110 | 92 |
| ഇടുക്കി | 80 | 71 |

| | | |
|---|---|---|
| എറണാകുളം | 32 | 30 |
| തൃശ്ശൂർ | 3 | 3 |
| പാലക്കാട് | 186 | 118 |
| മലപ്പുറം | 55 | 39 |
| കോഴിക്കോട് | 13 | 13 |
| വയനാട് | 20 | 17 |
| കണ്ണൂർ | 35 | 26 |
| കാസർഗോഡ് | 51 | 38 |
| ആകെ | 876 | 711 |

(ബി) വ്യാപകമായ ഭവന നിർമ്മാണ പദ്ധതികൾ ഏറ്റെടുക്കുന്നതിന് ഹൗസിംഗ് ബോർഡിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്; വിശദ വിവരം നൽകാമോ;

(ബി) ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന പദ്ധതികളെല്ലാം സർക്കാർ അംഗീകാര ത്തോടു കൂടി ഉള്ളവയാണ്. ദുർബല വിഭാഗങ്ങൾ ക്കായിട്ടുള്ള ഭവന പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (ലൈഫ് പദ്ധതി) മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. ഭവന നിർമ്മാണ ബോർഡ് നൂതനമായ പുതിയ ഭവന പദ്ധതികൾ സമർപ്പിക്കുകയാണെങ്കിൽ അക്കാര്യം സർക്കാർ പരിശോധിക്കുന്നതായിരിക്കും.

(സി) ഹൗസിംഗ് ബോർഡിനെ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(സി) ഹൗസിംഗ് ബോർഡിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. നിലവിൽ കൺസൾട്ടൻസി ഡെപ്പോസിറ്റ് വർക്കുകൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. കേന്ദ്ര സംസ്ഥാന സർക്കാർ ധന സഹായത്തോടു കൂടി വിവിധ ജില്ലകളിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ നിർമ്മിച്ച് വരുന്നു. 2013-14 കാലഘട്ടം മുതൽ ഗൃഹശ്രീ ഭവന പദ്ധതിയും ബോർഡു മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. കൂടാതെ സർക്കാർ ഏൽപ്പിക്കുന്ന വിവിധ വകുപ്പുകളുടെ കീഴിലുള്ള വർക്കുകളും ചെയ്തു വരുന്നുണ്ട്. ഭാവിയിൽ കൂടുതൽ നിർമ്മാണ പ്രവർത്തനങ്ങൾ ലക്ഷ്യമാക്കിക്കൊണ്ട് നിലവിലുള്ള സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

Sobha S

സെക്ഷൻ ഓഫീസർ